**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3272** **25-10-2021 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒറ്റപ്പെട്ട സംഭവങ്ങൾ അംഗീകൃത ട്രേഡ് യൂണിയനുകളുടെ അറിവോടെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് അംഗീകൃത ട്രേഡ് യൂണിയനുകളുടെ അറിവോടെയാണെന്ന് കണ്ടെത്തിയിട്ടില്ല. |
| (ബി) | നോക്കുകൂലിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ട്രേഡ് യൂണിയനുകൾ അവരുടെ നിലപാട് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ചെയ്യാത്ത ജോലിയ്ക്ക് വേതനം കൈപ്പറ്റുന്നതിനെ ഒരു ട്രേഡ് യൂണിയനുകളും അനുകൂലിക്കുന്നില്ല. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 16.09.2021-ന് ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും, ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടു തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലെയെയും (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്) ചുമതലപ്പെടുത്താനും ടി യോഗത്തിൽ തീരുമാനമായിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഇത് സംബന്ധിച്ച് എത്ര പരാതികളാണ് തൊഴിൽ വകുപ്പിന് ലഭിച്ചത്; വർഷം, ജില്ല തിരിച്ച് അവയുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നോക്കുകൂലി സംബന്ധിച്ച് 17 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ജില്ല | പരാതികളുടെ എണ്ണം വർഷം തിരിച്ച് | | | | | |
|---|---|---|---|---|---|---|
| | 2017 | 2018 | 2019 | 2020 | 2021 | ആകെ |
| തിരുവനന്തപുരം | 3 | 3 | 2 | 2 | 3 | 13 |
| കൊല്ലം | 0 | 0 | 0 | 0 | 0 | 0 |
| പത്തനംതിട്ട | 0 | 0 | 0 | 0 | 0 | 0 |
| ആലപ്പുഴ | 0 | 0 | 0 | 0 | 0 | 0 |
| കോട്ടയം | 0 | 2 | 1 | 0 | 0 | 3 |
| ഇടുക്കി | 0 | 0 | 0 | 0 | 0 | 0 |
| എറണാകുളം | 0 | 0 | 0 | 0 | 1 | 1 |
| തൃശ്ശൂർ | 0 | 0 | 0 | 0 | 0 | 0 |
| പാലക്കാട് | 0 | 0 | 0 | 0 | 0 | 0 |
| മലപ്പുറം | 0 | 0 | 0 | 0 | 0 | 0 |
| കോഴിക്കോട് | 0 | 0 | 0 | 0 | 0 | 0 |
| വയനാട് | 0 | 0 | 0 | 0 | 0 | 0 |
| കണ്ണൂർ | 0 | 0 | 0 | 0 | 0 | 0 |
| കാസർഗോഡ് | 0 | 0 | 0 | 0 | 0 | 0 |

സെക്ഷൻ ഓഫീസർ